# Telephone conversation between Prime Minister Shri Narendra Modi and His Excellency Vladimir Putin, President of the Russian Federation

December 20, 2021

---

**പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയും റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനും തമ്മിലുള്ള ടെലിഫോൺ സംഭാഷണം**

ഡിസംബർ 20, 2021

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് റഷ്യൻ ഫെഡറേഷൻ പ്രസിഡന്റ് വ്‌ളാഡിമിർ പുടിനുമായി ടെലിഫോൺ സംഭാഷണം നടത്തി.

അവരുടെ സംഭാഷണത്തിൽ, പ്രസിഡന്റ് പുടിന്റെ സമീപകാല ഇന്ത്യാ സന്ദർശന വേളയിൽ ചർച്ച ചെയ്ത ചില വിഷയങ്ങൾ ഇരു നേതാക്കളും പിന്തുടർന്നു. പ്രതിരോധ സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ, രാസവളങ്ങളുടെ വിതരണത്തിൽ സഹകരണം, റഷ്യൻ ഫാർ ഈസ്റ്റുമായുള്ള ഇന്ത്യയുടെ പ്രവർത്തനം വർധിപ്പിക്കൽ എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഭാവി നടപടികൾ ഉറപ്പിക്കാൻ ഇന്നത്തെ കൈമാറ്റം സഹായകമായി. അന്താരാഷ്ട്ര വിഷയങ്ങളിലെ വീക്ഷണങ്ങൾ കൈമാറാനും സംഭാഷണം അനുവദിച്ചു.

ഇന്ത്യ-റഷ്യയും തമ്മിലുള്ള പ്രത്യേകവും വിശേഷാഷികാരമുള്ളതുമായ നയതന്ത്ര പങ്കാളിത്തത്തിന് കീഴിലുള്ള എല്ലാ മേഖലകളിലും നിരന്തരം സമ്പർക്കം പുലർത്താനും, ബഹുരാഷ്ട്ര വേദികളിൽ ഉഭയകക്ഷി സഹകരണവും കൂടിയാലോചനകളും ഏകോപനവും കൂടുതൽ ആഴത്തിലാക്കാൻ തുടർച്ചയായി പരിശ്രമിക്കാനും നേതാക്കൾ സമ്മതിച്ചു.

**ന്യൂ ഡെൽഹി**
**ഡിസംബർ 20, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.